"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- കനകക്കുന്ന് കൊട്ടാരത്തിലെ ഡിജിറ്റൽ മ്യൂസിയം സ്ഥാപിക്കുന്നത്- story line development & content creation എന്ന ഘടകം പൂർത്തിയാക്കുന്നത്- ഭരണാനുമതി കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(എ) വകുപ്പ്**

സ.ഉ.(സാധാ) നം.731/2024/TSM തീയതി,തിരുവനന്തപുരം, 24-12-2024

---

പരാമർശം:-

1. 21.08.2018 ലെ സ.ഉ.(സാധാ) നം. 387/2018/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 08.11.2024ലെ DOT/13866/2023-P10 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശിത ഉത്തരവ് പ്രകാരം, കനകക്കുന്ന് കൊട്ടാരത്തിലെ ഡിജിറ്റൽ മ്യൂസിയം സ്ഥാപിക്കുന്നതിന് GST ഉൾപ്പെടെ ₹4,99,00,000/-(നാല് കോടി തൊണ്ണൂറ്റിയൊമ്പത് ലക്ഷം രൂപ മാത്രം) രൂപയും പദ്ധതി നടത്തിപ്പിനും പരിപാലനത്തിനുമായി ₹ 1,00,00,000/-(ഒരു കോടി രൂപ മാത്രം) രൂപയും അനുവദിച്ചിരുന്നു.

(2). കോവിഡ്-19 മഹാമാരി മുഖേന ഉണ്ടായ അതീവ ഗുരുതര സാഹചര്യങ്ങൾ കാരണം പ്രസ്തുത പദ്ധതിയുടെ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടെന്നും എന്നാൽ നിലവിൽ ടി പ്രവൃത്തികൾ പൂർത്തികരിച്ചുവെന്നും story line development & content creation എന്ന ഘടകം മാത്രമാണ് ഇനി പൂർത്തികരിക്കാനുള്ളതെന്നും ആയത് പുരോഗമിച്ചുവരുന്ന സാഹചര്യത്തിൽ, പദ്ധതിയുടെ ഭരണാനുമതി കാലാവധി 2025 മെയ് 31 വരെ ദീർഘിപ്പിച്ചു നൽകണമെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

(3). സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കനകക്കുന്ന് കൊട്ടാരത്തിലെ ഡിജിറ്റൽ മ്യൂസിയം സ്ഥാപിക്കുന്നതിന്റെ ഭാഗമായി story line development & content creation എന്ന ഘടകം പൂർത്തിയാക്കുന്നതിനായി പരാമർശിത ഉത്തരവിന്റെ ഭരണാനുമതി കാലാവധി 2025 മെയ് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I&II) കേരളം, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(19.12.2024ലെ 2970912/വ്യയം-ബി2/403/2024 അഭിപ്രായ പ്രകാരം)

വിവരപൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്

(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Reena P P

Date: 24-12-2024 15:23:26

സെക്ഷൻ ഓഫീസർ

പകർപ്പ്

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎയ്ക്ക്